പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 289 — 28.06.2011-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയെന്താണ് ; | (എ) | 85 നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ ; | (ബി) & (സി) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനു വേണ്ടി ബോർഡ് 3,26,42,855 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആർ. ജി. ജി. വി. വൈ പദ്ധതിയിൽപ്പെടുന്ന പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മണ്ഡലത്തിൽ ഇതിനോടകം 43.13 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. 1195 കണക്ഷനുകൾ നൽകി. എം. എൽ. എ ഫണ്ടിൽ നിന്നും 48.227 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറ്റ്യാട്ടൂർ, കുറുമാത്തൂർ, പരിയാരം, പട്ടുവം എന്നീ പഞ്ചായത്തുകൾ വിഹിതം അടച്ചിട്ടുണ്ട്. ചപ്പാരപ്പടവ്, ചെങ്ങളായി, കൊളച്ചേരി, മയ്യിൽ എന്നീ പഞ്ചായത്തുകളും തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും വിഹിതം അടച്ചിട്ടില്ല. |
| (സി) | ഇതിലേക്കായി എം. എൽ. എ ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട് ; ഏതൊക്കെ പഞ്ചായത്തുകൾ വിഹിതം അടച്ചു ; അടയ്ക്കാനുള്ള പഞ്ചായത്തുകൾ ഏതൊക്കെ ; | | |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ആർ. ജി. ജി. വി. വൈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഈ വർഷം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബാക്കി പ്രവൃത്തികൾ പഞ്ചായത്തുകൾ പണമടയ്ക്കുന്ന മുറയ്ക്ക് പൂർത്തിയാക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.